<u>**പതിനാലാം കേരള നിയമസഭ**</u>

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.3055 | 18/06/2019 ൽ മറുപടിക്ക്

# <u>വസ്തുക്കൾ പോക്കുവരവ് ചെയ്യുന്നതിലെ കാലതാമസം</u>

**<u>ചോദ്യം</u>**
**ശ്രീ.സജി ചെറിയാൻ**

**<u>മറുപടി</u>**
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വസ്തുക്കൾ പോക്കുവരവ് ചെയ്ത് പേരിൽ കിട്ടുന്നതിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എത്ര അപേക്ഷകളാണ് കെട്ടിക്കിടക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന 368 അപേക്ഷകളാണ് തീർപ്പാക്കുവാനുള്ളത് |
| (സി) | തീരുമാനം എടുക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിവരിക്കാമോ; | (സി) | ഓൺലൈൻ നെറ്റ് വർക്കിന്റെ തകരാറുകൾ മൂലവും ബന്ധപ്പെട്ട ഫയലിൽ ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലുമാണ് കാലതാമസം നേരിടുന്നത്. അനുബന്ധരേഖകൾ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട അപേക്ഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ളവയിൽ കൂടുതൽ ഫയലുകളും റീസർവ്വേയ്ക്ക് മുൻപുള്ളതും നടപടികൾ തുടർന്നുകൊണ്ടിരിക്കുന്നതുമാണ്. |
| (ഡി) | കാലതാമസം ഒഴിവാക്കി പോക്കുവരവ് വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പോക്കുവരവ് വേഗത്തിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ